# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## എ എം എൽ പി സ്കൂൾ വെള്ളിപ്പറമ്പ

# <u>സ്കൂൾ വിവരങ്ങൾ</u>

| | | |
|---|---|---|
| റവന്യൂജില്ല | : | കോഴിക്കോട് |
| സ്കൂൾ കോഡ് | : | 17330 |
| സ്കൂളിന്റെ പേര് | : | എ എം എൽ പി സ്കൂൾ |
| മേൽവിലാസം | : | വെള്ളിപ്പറമ്പ പി.ഒ കോഴിക്കോട് |
| പിൻകോഡ് | : | 673008 |
| ഫോൺ നമ്പർ | : | 9745192208 |
| ഇ-മെയിൽ | : | amlpsvlprmb@gamil.com |
| ഗ്രാമപഞ്ചായത്ത് | : | പെരുവയൽ |
| വിദ്യഭ്യാസ ജില്ല | : | കോഴിക്കോട് |
| സബ്ജില്ല | : | കോഴിക്കോട് റൂറൽ |
| പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

ജീവിതത്തിന്റെ സമസ്തമേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പാശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും വിജയം കൈവരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് വെള്ളിപറമ്പ എ എം എൽ പി സ്കൂളിന്റെ 2025-26 അധ്യയനവർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. കുട്ടികളിലെ പഠനവിടവ് നികത്തുക, പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുക, പഠന-പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, വിലയിരുത്തൽ കൂടുതൽ സമഗ്രമാക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. എല്ലാവരും മികവുള്ളവരാണെന്ന് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും
5. ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും ക്ലാസ് PTA വ്യക്തിഗത കൂടിക്കാഴ്ച എന്നിവയിലൂടെ രക്ഷിതാക്കൾക്ക് നൽകും.
7. പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻ നിർത്തി അറിവു നിർമ്മാണഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
9. ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമുഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
10. ജൈവവൈവിധ്യങ്ങളുടെ നേർസാക്ഷിയായി വിദ്യാലയത്തെ മാറ്റുക
11. മാലിന്യ മുക്ത വിദ്യാലയം, ഹരിതപെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാജ്ജനനം തുടങ്ങയവ കൃത്യമായി നടപ്പാക്കൽ.

# വിഷയാടിസ്ഥാനത്തിലുള്ള പ്രവർത്തന പദ്ധതി

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാപരമായ ശേഷികൾ | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഇവ ഉറക്കുന്നതിനായി പരിഹാര ബോധന ക്ലാസുകൾ നടത്തുന്നു | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| വായന ശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം<br><br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br><br>പുസ്തക പരിചയകുറിപ്പ് തയ്യാറാക്കൽ<br><br>ആസ്വാദന കുറിപ്പ് തയ്യാറാക്കൽ<br><br>വായനക്കാർഡ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| വായന സാമഗ്രികൾ ഒരുക്കൽ | ഒന്ന് മുതൽ നാല് വരെ കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിനായി അനുയോജ്യമായ വായന കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ആഗസ്റ്റ് | കുട്ടികൾ രക്ഷിതാക്കൾ |
| എഴുത്തു പരി പോഷിപ്പിക്കൽ | പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ മുൻ നിർത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | ജൂൺ -മാർച്ച് | SRG കൺവീനർ<br><br>ക്ലാസ് ടീച്ചർ |
| ഭാവനാത്മകമായ ലേഖന ശേഷി പരിപോഷിപ്പിക്കാൻ | സചിത്ര ഡയറി ,കഥ നിർമാണം ,കത്തെഴുത്ത് ,കവിത തയ്യാറാക്കൽ എന്നിങ്ങനെ ലേഖന ശേഷി വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ചു നൽകുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ദിനാചരണങ്ങൾ കൊണ്ടാടൽ | വിവിധ ദിനാചരണങ്ങൾ വായനാദിനം ,ബഷീർ ദിനം , തുടങ്ങി സാഹിത്യ മേഖലയുമായി ബന്ധപ്പെട്ട ദിനങ്ങൾ ,എഴുത്തുകാരുടെ ജന്മദിനങ്ങൾ എന്നിവ അനുയോജ്യമായ ഭാഷ പ്രവർത്തനങ്ങൾ നൽകി അവതരിപ്പിക്കുന്നു. സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ ,പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ ,വായനാനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ | ജൂൺ -മാർച്ച് | വിദ്യാരംഗം ക്ലബ് |
| ബാലസഭ ഭാഷ പഠനത്തിന്റെ ഭാഗമായി കുട്ടികൾ നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രകടനം | ജൂൺ -മാർച്ച്<br><br>ആഴ്ചയിലൊരിക്കൽ | |
| പഠന വിടവ് നികത്തൽ | ഭാഷ മേഖലയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | സെപ്റ്റംബർ -മാർച്ച് | SRG കൺവീനർ<br><br>ക്ലാസ് ടീച്ചർ |
| സർഗാത്മക രചന വികസിപ്പിക്കാൻ | രചന ശില്പശാല<br><br>വായനക്കാർഡ് തയ്യാറക്കൽ<br><br>കഥ ,കവിത അവതരണം | സെപ്റ്റംബർ -മാർച്ച് | വിദ്യാരംഗം ക്ലബ് |

## മേഖല ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | English Assembly<br><br>English Balasabha<br><br>Talking Time<br><br>One day English | ജുലൈ - ഫെബ്രുവരി<br><br>ആഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം കൊടുക്കൽ<br><br>കാർട്ടൂൺ,കഥ ,സിനിമ പ്രദർശനം | കാർട്ടൂൺ,കഥ ,സിനിമ പ്രദർശനം | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കാൻ | ലളിതമായ ഇംഗ്ലീഷ് story card നൽകുന്നു .ക്ലാസ് നിലവാരത്തിന് അനുസരിച്ച വിലയിരുത്തൽ പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷ് ഡയറി എഴുതാൻ ,തെറ്റില്ലാതെ എഴുതാൻ | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഡയറി കുറിപ്പായി എഴുതുന്നു | സെപ്റ്റംബർ -മാർച്ച് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| English Theatre Camp സംഘടിപ്പിക്കുന്നു. | കുട്ടികൾക്ക് സർഗാത്മകമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള അവസരം ഒരുക്കുന്നു | നവംബർ | ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷ് കോർണർ | ക്ലാസ് തലത്തിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ചു പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുള്ള വായനമൂല സജ്ജീകരിക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കാൻ | Skit<br><br>Drama<br><br>Choreography<br><br>Role –Play (ബാലസഭ) | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| English Magazine തയ്യാറാക്കൽ | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നു | ജൂൺ -മാർച്ച് | HM<br><br>ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് നന്നായി എഴുതുവാനും പറയുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കാൻ | വായന മത്സരം ,രചന മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി | HM<br><br>SRG Convener<br><br>ക്ലാസ് ടീച്ചർ |

**മേഖല പരിസരപഠനം**

| ലക്ഷ്യം | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| ശാസ്ത്രമൂല ഒരുക്കൽ | ഓരോ ക്ലാസ്സിലും ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ ശേഖരിക്കൽ സജ്ജീകരിക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| ശാസ്ത്ര മേളകളിലെ പങ്കാളിത്തം | സ്കൂൾ ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു<br><br>ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | സെപ്റ്റംബർ - നവംമ്പർ | സയൻസ് ക്ലബ് ക്ലാസ് ടീച്ചർ |
| ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങൾ അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി ആഘോഷിക്കുന്നു | ജൂൺ -മാർച്ച് | സയൻസ് ക്ലബ് ക്ലാസ് ടീച്ചർ HM |
| ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം | പഠന പ്രവർത്തങ്ങളിൽ ഐസിടി സാധ്യത പരാമവധി പ്രയോഗനപ്പെടുത്തുന്നു .ഡിജിറ്റൽ പഠനസാമഗ്രികൾ ഒരുക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| പത്രവായന | ക്ലാസ്സ്തലത്തിൽ പത്രവായന ദിവസേന നടത്തുന്നു .ആനുകാലിക സംഭവങ്ങളെ കുറിച്ചുള്ള ധാരണ നേടുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ടു പ്രാദേശികമായ ഇടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു<br><br>ആവാസ വ്യവസ്ഥകൾ ,പക്ഷി നിരീക്ഷണം ,കൃഷിയിടങ്ങൾ സന്ദർശിക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| ശാസ്ത്രമാഗസിൻ തയ്യാറാക്കൽ | പാഠഭാഗങ്ങളിൽ ആശയങ്ങൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള മാഗസിൻ ക്ലാസ് തലത്തിൽ തയ്യാറാക്കുന്നു | സെപ്റ്റംബർ -മാർച്ച് | സയൻസ് ക്ലബ് ക്ലാസ് ടീച്ചർ |
| പഠന യാത്രകൾ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് ഉള്ള പഠന യാത്രകൾ | ഫെബ്രുവരി | HM ,SRG,SSG |

## മേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കാൻ<br><br>ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | വിവിധ കളികൾ ആസൂത്രണം ചെയ്യുന്നു . കളിരീതിയിലൂടെ ചതുഷ്ക്രിയകളും അടിസ്ഥാന ശേഷികളും നേടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| ശില്പശാല | ഗണിതവുമായി ബന്ധപ്പെട്ട പഠന സാമഗ്രികൾ തയ്യാറാക്കൽ ,<br><br>നിർമാണം ,പ്രദർശനം | ഒക്ടോബർ | രക്ഷിതാക്കൾ ക്ലാസ് ടീച്ചർ |
| ഗണിത മൂല | അടിസ്ഥാന ഗണിത ശേഷികൾ നേടാനുതകുന്ന സാമഗ്രികൾ ഉൾപ്പെടുത്തി ഗണിതമൂല ഒരുക്കൽ .ഉപയോഗപ്പെടുത്തൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| ഗണിത മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി സ്കൂൾ തല ഗണിത മാഗസിൻ തയ്യാറാക്കൽ .ഗണിത ശാത്രമേളയിൽ അവതരിപ്പിക്കൽ | സെപ്റ്റംബർ | ഗണിത ക്ലബ്ബ് |

| | | | |
|---|---|---|---|
| ജ്യാമിതീയ രൂപങ്ങളുടെ നിർമാണം | വിവിധ ജ്യാമിതീയ രൂപങ്ങൾ വരക്കുന്നു നിർമിക്കുന്നു<br><br>സവിശേഷതകൾ മനസിലാക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| മികച്ച ഗണിത പ്രതിഭകളെ വളർത്തുക | ഗണിത ക്വിസ്<br><br>ഗണിത ശാസ്ത്രമേള<br><br>പഠനോപകരണ നിർമാണം | ജൂൺ -മാർച്ച് | ഗണിത ക്ലബ്ബ് |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുക | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ നൽകുന്നു | ആഗസ്റ്റ് -മാർച്ച് | SRG<br><br>ക്ലാസ് ടീച്ചർ |

## മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സുരക്ഷിതമായ സ്കൂൾ അന്തരീക്ഷം ഒരുക്കൽ | കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുക . സ്കൂൾ കെട്ടിടം ,പരിസരം സുരക്ഷിതമാക്കുക | ഏപ്രിൽ -മെയ് | SSG |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | മാലിന്യ സംസ്കരണം ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള സംവിധനം ഒരുക്കൽ | ജൂൺ -മാർച്ച് | SSG |

## മേഖല സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്താൻ | പൂർവ വിദ്യാർത്ഥി സംഗമം മെഡിക്കൽ ക്യാമ്പ് ഓണാഘോഷം , ക്രിസ്മസ് ആഘോഷം .ഭക്ഷ്യമേള നൂറാം വാർഷികത്തിന്റെ ഭാഗമായി വിവിധ സാമൂഹ്യ സമ്പർക്ക പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു | ആഗസ്റ്റ് -മാർച്ച് | SSG |
| പി ടി എ യോഗങ്ങൾ സംഘടിപ്പിക്കൽ | കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും | മാസത്തിൽ ഒരിക്കൽ | SRG |

| | | | |
|---|---|---|---|
| | CPTA യോഗങ്ങൾ നടത്തുന്നു | | |
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | ഒരു വർഷത്തിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവുകൾ സമൂഹവുമായി പങ്കു വെക്കാൻ പഠനോത്സവം സംഘടിപ്പിക്കുന്നു | ഫെബ്രുവരി | **SRG** |